# പതിനാലാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.476** **03.03.2020- ൽ മറുപടിക്ക്**

**വ്യവസായം തുടങ്ങുന്നതിന്റെ അനുമതിക്കായുള്ള അപേക്ഷ**

**ചോദ്യം** **ഉത്തരം**

**ശ്രീ. കെ.എൻ.എ ഖാദർ**
**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**

**ശ്രീ. ഇ.പി.ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമപ്രകാരം മുൻകൂർ അനുമതിയില്ലാതെ 10 കോടി രൂപ വരെ മുതൽമുടക്കുള്ള വ്യവസായം തുടങ്ങുന്നതിന് അപേക്ഷിക്കുന്നതിനുള്ള സൗകര്യം വ്യവസായ വകുപ്പിന്റെ കെ-സ്വിഫ്റ്റ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) | കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമപ്രകാരം ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത 10 കോടി രൂപ വരെ മുതൽമുടക്കുള്ള വ്യവസായം തുടങ്ങുന്നതിന് അപേക്ഷിക്കുന്നതിനുള്ള സൗകര്യം 21/01/2020 മുതൽ കെ-സ്വിഫ്റ്റ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) | പ്രസ്തുത നിയമം നടപ്പിലാക്കിയതിനുശേഷം ഇതുവരെ ഇപ്രകാരമുള്ള എത്ര അപേക്ഷകൾ വകുപ്പിന് ലഭിച്ചിട്ടുണ്ടെന്നും എത്ര അനുമതികൾ നൽകിയിട്ടുണ്ടെന്നും അറിയിക്കുമോ; | ബി) | പ്രസ്തുത നിയമം നടപ്പിലാക്കിയതിനുശേഷം ഓൺലൈൻ സംവിധാനത്തിലൂടെ അപേക്ഷിച്ച 658 പേർക്ക് 26.02.2020 തീയതി വരെ കൈപ്പറ്റ് രസീത് അനുവദിച്ചിട്ടുണ്ട് |
| സി) | പ്രസ്തുത നിയമം നടപ്പിൽ വരുന്നതിന് മുൻപുള്ള രീതിയിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കെ-സ്വിഫ്റ്റ് പോർട്ടൽ വഴി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം തീർപ്പാക്കിയെന്നും അറിയിക്കാമോ? | സി) | പുതിയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ ക്ലിയറൻസുകൾ/ലൈസൻസുകൾ സമയബന്ധിതമായി ലഭിക്കുന്നതിനും ആയി 11.02.2019 ൽ ആരംഭിച്ച കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ സംവിധാനം നിലവിൽ വന്നതിനുശേഷം 2020 ജനുവരി 30 വരെ കെ-സ്വിഫ്റ്റ് പോർട്ടലിൽ 519 കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിച്ചതിൽ 251 അനുമതികൾ/ ലൈസൻസുകൾ നൽകുവാൻ സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**